**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.463 | 22.03.2018-ലെ മറുപടിയ്ക്ക്

## കായിക നയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.കെ.എം.ഷാജി**<br>**,, എൻ. ഷംസുദ്ദീൻ**<br>**,, പി.ഉബൈദുള്ള** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് കായിക നയം എന്നത്തേക്ക് പ്രഖ്യാപിക്കുമെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) | കേരളത്തിന്റെ കായിക മേഖലയുടെ സമഗ്ര വികസനവും നേട്ടങ്ങളും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ കായിക നയം രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കായിക രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച ഒളിമ്പ്യന്മാർ, അർജ്ജുന അവാർഡ് ജേതാക്കൾ, ദ്രോണാചാര്യ അവാർഡ് ജേതാക്കൾ എന്നിവരെ പങ്കെടുപ്പിച്ച് ആദ്യ ശിൽപശാല 15.02.2018 ന് സംഘടിപ്പിച്ചിരുന്നു. കായിക മേഖലയിലെ വിദഗ്ധരേയും വിവിധ കായിക അസോസിയേഷനുകളുടെ പ്രതിനിധികളെയും മറ്റും ഉൾപ്പെടുത്തി വീണ്ടും ശിൽപശാല സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി ശില്പശാലകളിൽ ഉടലെടുക്കുന്ന ആശയങ്ങളും നിർദ്ദേശങ്ങളും കൂടി പരിഗണിച്ചതിനു ശേഷം കായിക നയത്തിന് അന്തിമ രൂപം നൽകുന്നതാണ്. സംസ്ഥാനത്തിന്റെ കായിക മേഖലയുടെ സമഗ്ര വികസനമാണ് കായികനയ രൂപീകരണത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത നയ രൂപീകരണം നടത്തുമ്പോൾ മലബാർ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**